Reg. No. KL/TV(N)/12

Government of Kerala
1984

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXIX] Trivandrum, Monday, 26th November 1984 / 5th Agrahayana 1906 (Saka) [No. 1010

കേരള സർക്കാർ

ധനകാര്യ വകുപ്പ്

വിജ്ഞാപനം

നമ്പർ. 43317/എസ്റ്റാ. സി 3/84/ഫിൻ. തിരുവനന്തപുരം, 1984 നവമ്പർ 20.

1. കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ കുണ്ടറ ആസ്ഥാനമാക്കി ഈ വിജ്ഞാപനം ഗവൺമെൻറ് ഗസററിൽ പ്രസിദ്ധപ്പെടുത്തി പതിനഞ്ചു ദിവസത്തിനുശേഷം സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ പുതിയ ഒരു സബ്ട്രഷറി പ്രവർത്തിച്ചു തുടങ്ങുന്നതാണ്.

2. കൊററങ്കര, കുണ്ടറ, കിഴക്കേകല്ലട, മൺറോതുരുത്ത്, പേരയം എന്നീ പഞ്ചായത്തുകളും പെരിനാടു പഞ്ചായത്തിലെ താഴെ പറയുന്ന വാർഡുകളും ഈ സബ്ട്രഷറിയുടെ അധികാരപരിധിയിൽ വരുന്നതാണ്.

(1) ഇടവട്ടം എ
(2) ഇടവട്ടം ബി
(3) കുഴിയം
(4) നാന്തിരിക്കൽ
(5) വെള്ളിമൺ
(6) കേരളപുരം
(7) ചെറുമൂട്.

3. കുണ്ടറ സബ്ട്രഷറി തുറന്നു പ്രവർത്തിക്കുന്ന തീയതി മുതൽ രണ്ടാം ഖണ്ഡികയിൽ പ്രതിപാദിക്കുന്ന പഞ്ചായത്തതിർത്തികളിലെ സർക്കാർ പണമിടപാടുകൾ പ്രസ്തുത ട്രഷറി മുഖേന നടക്കുന്നതാണ്. മുദ്രപത്രങ്ങൾ, സ്റ്റാമ്പുകൾ, കറുപ്പ്, ഗഞ്ചാവ് മുതലായവയും വില്പനക്കുള്ള ഫാറങ്ങളും

ഈ ട്രഷറിയിൽ നിന്നും വിതരണം ചെയ്യുന്നതാണ്. കൂടാതെ ട്രഷറി കോഡ് ഒന്നാം വാല്യം 157-ഉം 158-ഉം ചട്ടങ്ങൾ അനുസരിച്ച് ഡിപ്പാർട്ടുമെൻറു ക്യാഷ് ചെസ്റ്റും മററു വിലപിടിപ്പുള്ള സാധനങ്ങളും പുതിയ സബ്ട്രഷറിയിൽ സൂക്ഷിക്കുന്നതാണ്. മേൽ വിവരിച്ച പ്രദേശാതിർത്തിക്കുള്ളിൽ സർക്കാരിൽനിന്നും ലഭിക്കുവാനുള്ള പണം ബന്ധപ്പെട്ട മേലധികാരികളുടെ പ്രത്യേകാനുമതികൂടാതെ കുണ്ടറ സബ്ട്രഷറിയിൽ നിന്നല്ലാതെ മററാരു ട്രഷറിയിൽനിന്നും നൽകുന്നതല്ല.

4. ഈ മേഖലയിലെ പേഴ്സണൽ ഡിപ്പോസിററ്, ലോക്കൽ ഫണ്ട് ഡിപ്പോസിററ്, ജുഡീഷ്യൽ ഡിപ്പോസിററ് മുതലായ അക്കൗണ്ടുകൾ അതാതു അഡ്മിനിസ്ട്രേററർമാർക്ക് ഇപ്പോൾ ഇടപാടു നടന്നുവരുന്ന ട്രഷറികളുമായി തുടർന്നും നടത്താവുന്നതും, അക്കൗണ്ടൻറ് ജനറലിൻെറ അനുമതി ലഭിക്കുന്ന മുറക്ക് കുണ്ടറ സബ്ട്രഷറിയിലേയ്ക്കു മാററാവുന്നതുമാണ്. അതുപോലെ തന്നെ വ്യക്തികളുടെയും, സ്ഥാപനങ്ങളുടെയും മററും പേരിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾ അവരവരുടെ താത്പര്യാനുസരണം കുണ്ടറ സബ്ട്രഷറിയിലേയ്ക്ക് നിയമാനുസരണം മാററുന്നതുവരെ ഇപ്പോൾ ഇടപാടുകൾ നടന്നുവരുന്ന ട്രഷറികൾ മുഖേനതന്നെ തുടർന്നും നടത്താവുന്നതാണ്. ഈ പ്രദേശങ്ങളിലെ മണിയാർഡർ ഒഴിച്ചുള്ള പെൻഷൻ വിതരണവും കുണ്ടറ സബ്ട്രഷറിയിലേയ്ക്കു നിയമാനുസരണം മാററുന്നതുവരെ പഴയതുപോലെതന്നെ തുടരുന്നതാണ്. എന്നാൽ മണിയാർഡർ പെൻഷൻ കുണ്ടറ സബ്ട്രഷറി തുറന്നു പ്രവർത്തിക്കുന്ന തീയതി മുതൽതന്നെ ഇവിടേയ്ക്ക് മാററപ്പെടുന്നതാണ്.

5. കുണ്ടറ സബ്ട്രഷറിയുടെ അധികാരപരിധിയിൽപ്പെടാത്ത സ്ഥാപനങ്ങൾക്ക് ഈ ട്രഷറിയുമായി ഇടപാട് നടത്തണമെന്നുണ്ടെങ്കിൽ അതിനു സർക്കാരിൽനിന്നോ, സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻമാരിൽനിന്നോ പ്രത്യേകാനുമതി വാങ്ങിയിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ആജ്ഞാനുസരണം,

കെ. വി. രവീന്ദ്രൻ നായർ,

ധനകാര്യ വകുപ്പ് കമ്മീഷണർ ആൻറ് സെക്രട്ടറി.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1984.